**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5596** **13-08-2021 - ൽ മറുപടിയ്ക്ക്**

**നെയ്തുകുടി സ്ലൂയിസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൊടുങ്ങല്ലൂർ മണ്ഡലത്തിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ നെയ്തുകുടി സ്ലൂയിസ് എന്ന പ്രവൃത്തിക്ക് 2020-21 ബജറ്റിൽ തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. കൊടുങ്ങല്ലൂർ മണ്ഡലത്തിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ നെയ്തുക്കുടി സ്ലൂയിസ് എന്ന പ്രവൃത്തിക്ക് 2020-21 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ്അനുബന്ധം-2 വോള്യം-2-ൽ പ്രവൃത്തിയുടെ ക്രമ നം. 2195 ആയി ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികളിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തുകയായ 300 ലക്ഷം രൂപയുടെ 20 ശതമാനം തുകയായ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും പദ്ധതി ആരംഭിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം എന്താണെന്നും അറിയിക്കാമോ? | (ബി) | ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള തുകയും പുതുക്കിയ ഡിസൈൻ പ്രകാരം പദ്ധതി പൂർണ്ണമായും പ്രാവർത്തികമാക്കാൻ ആവശ്യമായ തുകയും ഉൾപ്പെടെ ടി പ്രവൃത്തിയ്ക്ക് 10 കോടി രൂപ ആവശ്യമായി വരും. അധികതുകയായ 7കോടി രൂപ വകയിരുത്തുന്നതിനും എസ്റ്റിമേറ്റ് തുകയായ 10 കോടി രൂപയുടെ 20% ത്തിൽ കുറയാതെയുള്ള തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുമായി ടി പ്രവൃത്തിയുടെ പ്രൊപ്പോസലും എസ്റ്റിമേറ്റും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ